പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3829 — 26.06.2012-ൽ മറുപടിക്ക്

## കണ്ണാടി പഞ്ചായത്തിലെ മീറ്റർ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കണ്ണാടി പഞ്ചായത്തിലെ മീറ്റർ കമ്പനി അടച്ചുപൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടച്ചുപൂട്ടിയതിൻെറ കാരണം വ്യക്തമാക്കുമോ; | (എ) കണ്ണാടി പഞ്ചായത്തിൽ മീറ്റർ കമ്പനിയുടെ യൂണിറ്റിൻെറ ഉദ്ഘാടനം നടത്തിയതല്ലാതെ ഉത്പാദനം ആരംഭിച്ചിരുന്നില്ല. |
| (ബി) പ്രസ്തുത സ്ഥാപനത്തിലെ മെഷിനറികൾ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിലേയ്ക്കാണ് മാറ്റിയത് എന്ന് വ്യക്തമാക്കുമോ; | (ബി) രണ്ട് ടെസ്റ്റ് ബെഞ്ചുകളിൽ ഒരു ടെസ്റ്റ് ബെഞ്ച് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) കെ.എസ്.ഇ.ബി എ.ബി.സ്വിച്ചിൻെറ വില ഉത്പാദന ചെലവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിച്ചുതരുന്ന മുറയ്ക്ക് എ.ബി.സ്വിച്ചിൻെറ ഉൽപ്പാദനം അവിടെ ആരംഭിക്കുന്നതാണ്. അതിനോടനുബന്ധിച്ച് മീറ്റർ സർവ്വീസിങ്ങും നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ